# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1494 — 22/03/2013 - ലെ പറയേണ്ടിയിരുന്നത്

### നെൽകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനുഭവപ്പെടുന്ന കാലാവസ്ഥാ വ്യതിയാനംമൂലം നെൽകൃഷി നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനവും, മഴക്കുറവും അണക്കെട്ടുകളിൽ വെള്ളമില്ലാത്തതും മൂലം നെല്ലുൽപാദനത്തിൽ സംഭവിച്ചിട്ടുള്ള കുറവിനെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ട്. നെൽകൃഷിയിൽ വിരിപ്പ, മുണ്ടകൻ, പുഞ്ച സീസണുകളിലായി 21461.142 ഹെക്ടർ നശിച്ചുപോയിട്ടുണ്ട്. വിശദീകരണം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇത്തരത്തിൽ നശിച്ചുപോകുന്ന നെൽകൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും നെൽകൃഷി ഇൻഷ്വറൻസ് പദ്ധതി പ്രകാരവും നെൽകൃഷി നശിക്കുന്നതിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. |
| (സി) | പ്രസ്തുത ഇൻഷ്വറൻസ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കാമോ? | (സി) | 2012-2013 വർഷത്തിൽ വിവിധ ഇൻഷ്വറൻസ് പദ്ധതികൾക്കായി 920 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | നെൽകൃഷിനാശം (ഹെക്ടറിൽ) |
|---|---|
| തിരുവനന്തപുരം | 1367.2 |
| കൊല്ലം | 30.11 |
| ആലപ്പുഴ | 741 |
| പത്തനംതിട്ട | 220 |
| കോട്ടയം | 3919 |
| ഇടുക്കി | 60 |
| എറണാകുളം | 51.332 |
| തൃശ്ശൂർ | 846 |
| പാലക്കാട് | 8802.7 |
| കോഴിക്കോട് | 10 |
| മലപ്പുറം | 1917 |
| കണ്ണൂർ | 212.8 |
| വയനാട് | 2384 |
| കാസർഗോഡ് | 900 |
| ആകെ | 21461.142 |

സെക്ഷൻ ഓഫീസർ